# ചെങ്ങന്നൂർ നഗരസഭ

## ലേല / ക്വട്ടേഷൻ നോട്ടീസ്

നമ്പർ: ആർ3- 4766/14      തീയതി : 19/02/2018

വിഷയം: ചെങ്ങന്നൂർ നഗരസഭവക ശാസ്താംപുറം മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിലെ ഒഴിഞ്ഞുകിടക്കുന്ന 37, 63, 64, 73 എന്നീ നമ്പർ സ്റ്റാളുകൾ ലൈസൻസ് വ്യവസ്ഥയിൽ കച്ചവടം ചെയ്യുന്നതിനുള്ള അവകാശം 28/02/2018 – ന് രാവിലെ 11.30 മണിയ്ക്ക് പരസ്യലേലം/ക്വട്ടേഷൻ മുഖേന നൽകുന്നത് – സംബന്ധിച്ച്.

സൂചന: ചെങ്ങന്നൂർ നഗരസഭാ കൗൺസിലിന്റെ 16/02/2018 – ലെ 9–ാം നമ്പർ തീരുമാനം.

മേൽ സൂചന കൗൺസിൽ തീരുമാന പ്രകാരം ചെങ്ങന്നൂർ ശാസ്താംപുറം മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിലെ ഒഴിഞ്ഞുകിടക്കുന്ന 37, 63, 64, 73 നമ്പർ സ്റ്റാളുകൾ ലൈസൻസ് വ്യവസ്ഥയിൽ കച്ചവടം ചെയ്യുന്നതിനുള്ള അവകാശം താഴെ പരാമർശിക്കുന്ന വ്യവസ്ഥകൾ പ്രകാരം 28/02/2018 – ന് രാവിലെ 11.00 മണിയ്ക്ക് പരസ്യലേലം/ക്വട്ടേഷൻ മുഖേന നൽകുന്നതാണ്. മിനിമം സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയ്ക്ക് മുകളിൽ ഏറ്റവും കൂടിയ തുകയ്ക്ക് വിളിക്കുന്ന / ക്വോട്ട് ചെയ്യുന്ന വ്യക്തിയുടെ പേരിൽ ലേലം / ക്വട്ടേഷൻ താൽക്കാലികമായി ഉറപ്പിച്ചു നൽകുന്നതും, കൗൺസിൽ തീരുമാനത്തിന് വിധേയമായി അന്തിമമായി ഉറപ്പിച്ചുനൽകുന്നതുമാണ്. ലേലം / ക്വട്ടേഷൻ സ്ഥിരപ്പെടുത്തി നൽകുന്ന വ്യക്തി സ്ഥിരപ്പെടുത്തിയ ലേല /ക്വട്ടേഷൻ തുക മുഴുവനും ലേല ദിവസം വൈകിട്ട് 4.00 മണിയ്ക്ക് മുൻപായി നഗരസഭാ ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്. ലൈസൻസ് വ്യവസ്ഥയിൽ കടമുറികൾ നൽകുന്നതിനായി അംഗീകരിച്ചിട്ടുള്ള വ്യവസ്ഥകൾ ഈ ലേലത്തിനും ബാധകമായിരിക്കുന്നതാണ്. യാതൊരുകാരണവും കൂടാതെ ലേലം / ക്വട്ടേഷൻ മാറ്റിവയ്ക്കുന്നതിനോ / റദ്ദ് ചെയ്യുന്നതിനോ ഉള്ള പൂർണ്ണ അധികാരം നഗരസഭയ്ക്ക് ഉണ്ടായിരിക്കുന്നതുമാണ്.

| ഇന വിവരം | സ്റ്റാൾ നമ്പർ | പ്രതിമാസ വാടക | മിനിമം ഡെപ്പോസിറ്റ് തുക |
|---|---|---|---|
| ചെങ്ങന്നൂർ നഗരസഭ വക ശാസ്താംപുറം മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിലെ സ്റ്റാൾ | 37 | 825/- | 79,275/- |
| | 63 | 825/- | 85,680/- |
| | 64 | 825/- | 79,800/- |
| | 73 | 825/- | 85,050/- |

ക്വട്ടേഷനുകൾ 27/02/2018 –ാം തീയതി ഉച്ചയ്ക്ക് 1.00 മണി വരെ സീൽ ചെയ്ത കവറിൽ സ്വീകരിക്കുന്നതും, ലേല നടപടികൾക്കുശേഷം ലേലത്തിൽ തദവസരത്തിൽ ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ നഗരസഭാ കൗൺസിൽ ഹാളിൽവെച്ച് തുറന്ന് പരിശോധിക്കുന്നതുമാണ്.

ലേലം സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ഓഫീസ് പ്രവൃത്തി സമയങ്ങളിൽ ലഭ്യമാണ്.

മുനിസിപ്പൽ സെക്രട്ടറി
ചെങ്ങന്നൂർ നഗരസഭ